**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **05-10-2021 - ൽ മറുപടിയ്ക്ക്**

**സീതത്തോട് സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സീതത്തോട് സഹകരണ ബാങ്കിൽ ചട്ടവിരുദ്ധമായി തസ്തിക സൃഷ്ടിച്ച് സ്വജനങ്ങൾക്ക് സ്ഥാനക്കയറ്റം നൽകി വ്യാപക ക്രമക്കേട് നടത്തി എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ചട്ട വിരുദ്ധമായി തസ്തിക സൃഷ്ടിച്ച് സ്വജനങ്ങൾക്ക് സ്ഥാനക്കയറ്റം നൽകി വ്യാപക ക്രമക്കേട് നടത്തി എന്ന പരാതി ലഭിച്ചിട്ടില്ല. |
| (ബി) | ബാങ്കിൽ നടന്ന പ്യൂൺ നിയമനത്തിലെ അഴിമതി സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പരാതി ലഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതുസംബന്ധിച്ച് സഹകരണ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വടശ്ശേരിക്കര യൂണിറ്റ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2017-ൽ കേരള സഹകരണ ചട്ടം 186-ൽ വന്നിട്ടുള്ള ഭേദഗതി പ്രകാരം പ്യൂൺ തസ്തികയ്ക്ക് ബിരുദം പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർ നടപടി ആവശ്യമില്ലായെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്യൂൺ തസ്തിയിൽ ജോലിയിൽ പ്രവേശിച്ച ആൾ 24.11.2020 തീയതി ബാങ്കിലെ ജോലി രാജി വെച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

 അനുബന്ധം

ഉള്ളടക്കം (LA-707)

GM2

002037

പ്രേക്ഷിത,

ശ്യാമള ഉദയഭാനു

മാലത്തറയിൽ

സീതത്തോട് പി ഒ

സീതക്കുഴി, പത്തനംതിട്ട.

സ്വീകർത്താവ്

ദി രജിസ്ട്രാർ

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്

തിരുവനന്തപുരം.

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES ★ THIRUVANANTHAPURAM ★

സർ,

സീതത്തോട് സർവ്വീസ് സഹകരണ ബാങ്കിൽ പ്യൂൺ ആയി ജോലി ചെയ്തിരുന്ന ശ്രീ. ജനീഷ്കുമാർ 23.07.2016-ൽ ജോലി രാജി വയ്ക്കുകയും ടി ഒഴിവിലേക്ക് ടിയാന്റെ ഭാര്യയായ അനുമോൾ സി.എ യെ നിയമവിരുദ്ധമായി 17.08.2016-ൽ നിയമിച്ചിട്ടുള്ളതുമാകുന്നു.

സഹകരണ നിയമനം ചട്ടം 186 (1) Note V പ്രകാരം പ്യൂൺ ആയി നിയമിക്കുന്നതിന്റെ യോഗ്യത 7-ാം ക്ലാസ് പാസ് ആയിരിക്കുകയും എന്നാൽ ഡിഗ്രി ഉണ്ടാവാനും പാടില്ല. എന്നാൽ അനുമോൾ സി.എ ഡിഗ്രിയും, എം.ബി.എ യും പാസായിട്ടുള്ളതാണ്. ടി വിവരം അപേക്ഷ ഫോമിലും സർവ്വീസ് ബുക്കിലും മറച്ചു വച്ചാണ് നിയമനം നടത്തിയിരിക്കുന്നത്. അധിക യോഗ്യത യുള്ള ആളെ ടി തസ്തികയിൽ നിയമിക്കുക വഴി സഹകരണനിയമം ചട്ടം 186 (1) Note V ന്റെ ലംഘനവും, വിശ്വാസവഞ്ചനയുമാണ്.

കൂടാതെ ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് 26.07.2016 ലെ ദേശാഭിമാനി പത്രത്തിലും, ദീപിക പത്രത്തിലും പരസ്യം ചെയ്തിരുന്നു. സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് പത്ര പരസ്യം ചെയ്യുമ്പോൾ അതിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 23.03.99-ലെ 11/99-ാം നമ്പർ സർക്കുലറിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം ഒഴിവുകളിലേക്ക് പത്ര പരസ്യം ചെയ്യുമ്പോൾ അതിൽ ഒഴിവുള്ള തസ്തികയുടെ പേര്, ഒഴിവുകളുടെ എണ്ണം, ശമ്പള സ്കെയിൽ, പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, സംവരണം സംബന്ധിച്ചുള്ള

വിവരം, എഴുത്തു പരിക്ഷും ഇന്റർവ്യൂവും ഉണ്ടെങ്കിൽ ആ വിവരം, അപേക്ഷാ ഫീസ്, അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട പകർപ്പുകളുടെ വിവരം എന്നിവ വ്യക്തമായി പറഞ്ഞിരിക്കണം. എന്നാൽ ടി ഒഴിവു സംബന്ധിച്ച് 25.07.2016-ലെ പത്ര പരസ്യത്തിൽ ഒഴിവുള്ള തസ്തികയുടെ പേരും, എണ്ണവും മാത്രമാണ് പറഞ്ഞിട്ടുള്ളത്. നിയമന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രയപരിധി, ശമ്പള സ്കെയിൽ, എഴുത്തു പരീക്ഷയും ഇന്റർവ്യൂവും ഉണ്ടെങ്കിൽ ആ വിവരം, അപേക്ഷ ഫീസ് എന്നിവ പറഞ്ഞിട്ടില്ല. ആയതിനാൽ ടി തസ്തികയിലേക്ക് അപേക്ഷ വിളിച്ച രീതി സർക്കുലർ നമ്പർ 11/99 ന്റെ ലംഘനമാണ്. കൂടാതെ ദീപിക പത്രം ടി പ്രദേശത്ത് പ്രചുരപ്രചാരത്തിൽ ഉള്ളതല്ല. വിജ്ഞാപനം പുറപ്പെടുവിച്ച ദിവസത്തെ ദേശാഭിമാനി പത്രം ടി പ്രദേശത്ത് വിതരണം ചെയ്തിട്ടില്ലാ

ത്തതുമാകുന്നു. ആയതിന്റെ തെളിവാണ് മറ്റൊരു വ്യക്തികളുടെയും അപേക്ഷ ലഭിക്കാതെ ശ്രീ. ജനീഷ്കുമാറിന്റെ ഭാര്യയായ അനുമോൾ സി.എ യുടെ അപേക്ഷ മാത്രം ലഭിച്ചത്.

ടി വിവരം പുറത്തറിയുമെന്നുള്ള ഭയത്താൽ ടി ബാങ്ക് ആഡിറ്റ് ചെയ്യാൻ വരുന്ന സഹകരണ വകുപ്പ് ആഡിറ്റർമാരെയും, പരിശോധനയ്ക്ക് വരുന്ന യൂണിറ്റ് ഇൻസ്പെക്ടർമാരെയും രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് സ്ഥലം മാറ്റുകയാണ് ഇപ്പോൾ ഇവർ ചെയ്യുന്നത്. ഇതിനോടകം 4 ആഡിറ്റർമാരെയും 4 യൂണിറ്റ് ഇൻസ്പെക്ടർമാരെയും ഇവർ സ്ഥലം മാറ്റി. പത്തനംതിട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചില ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് നിയമനം നടത്തിയതും, സ്ഥലം മാറ്റം നടന്നതും.

ആയതിനാൽ സഹകരണ നിയമചട്ടങ്ങൾക്കും സർക്കുലറിനും വിരുദ്ധമായി നടത്തിയ ടി നിയമനം റദ്ദ് ചെയ്ത് പുതിയ നിയമനം നടത്തുന്നതിനും നാളിതുവരെയും ടിയാൾക്ക് ശമ്പള ഇനത്തിൽ കൊടുത്ത തുക തിരികെ പിടിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ ടി നിയമനം <u>നടത്തിയ ഭരണസമിതിയെ നീക്കം ചെ</u>യ്യേണ്ടതും, ആയതിനു കൂട്ടു നിന്ന സെക്രട്ടറിക്കെതിരെ ഇൻഡ്യൻ പീനൽ കോഡ് അനുസരിച്ച് വകുപ്പ് 405 കുറ്റകരമായ വിശ്വാസ വഞ്ചന, വകുപ്പ് 408, 409 പൊതുജന സേവകന്റെ (പബ്ലിക് സെർവന്റ് സെക്രട്ടറി) കുറ്റകരമായ വിശ്വാസവഞ്ചന, വകുപ്പ് 415 ചതി, തട്ടിപ്പ് എന്നീ വകുപ്പ് പ്രകാരം ക്രിമിനൽ കേസ് എടുക്കുന്നതിന് നടപടി ഉണ്ടാകണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ശ്യാമള ഉദയഭാനു.